**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** **01-09-2022 - ൽ മറുപടിയ്ക്ക്**

**മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിതർക്കായി വീട് നിർമിച്ച് നൽകുന്നതിന് സ്ഥലം കണ്ടെത്താൻ ആരംഭിച്ചിട്ടുള്ള മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രകാരം ലഭിക്കുന്ന ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ക്യാമ്പയിനിന്റെ പ്രചാരണ പ്രവർത്തനം വിപുലീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിതർക്കായി വീട് നിർമ്മിച്ച് നൽകുന്നതിന് സ്ഥലം കണ്ടെത്താൻ ആരംഭിച്ചിട്ടുള്ള മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രകാരം ലഭിക്കുന്ന ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് മാർഗരേഖ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.07.2022-ലെ സ.ഉ.(കൈ) നം.147/202/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കായി 08/02/2022-ലെ സ.ഉ.(അച്ചടി) നം.11/2022/തസ്വഭവ ഉത്തരവ് പ്രകാരം സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും സമിതികൾ രൂപീകരിച്ച് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും തദ്ദേശസ്ഥാപനതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ അദ്ധ്യക്ഷതയിലുമുള്ള സമിതികൾ പ്രചാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി പൊതുജന പങ്കാളിത്തത്തോടെ മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ വിപുലമായി സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ ആരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകിയെന്നും നിർമ്മാണഘട്ടത്തിലിരിക്കുന്ന വീടുകൾ | (ബി) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ ആരംഭിച്ച ലൈഫ് പദ്ധതിയിൽ 20.08.2022 വരെ 3,01,912 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 24,635 വിടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | എത്രയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | | |
| (സി) | രണ്ടാം ഘട്ട ലൈഫ് പദ്ധതിയിൽ വീടിന് അർഹതയുള്ളവരായി എത്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിരിക്കുന്നതെന്നും ഇതിൽ സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരും എത്ര വീതമെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ? | (സി) | ലൈഫ് 2020 പ്രകാരം ഓൺ ലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും ശേഷം ഗ്രാമസഭ/ വാർഡ്സഭകളുടെ അംഗീകാരത്തോടുകൂടി (പ്രതികൂലമായ കാലാവസ്ഥ മൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കി, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്തൃ പട്ടിക പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 3,11,133 ഗുണഭോക്താക്കളും ഭൂരഹിത ഭവന രഹിതരായി 1,51,478 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥ മൂലം അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുവാൻ സാധിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരി ക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ